ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി കാർത്തികേയൻ):

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിജിലൻസ് വിഭാഗം അന്വേഷണം നടത്തിയിട്ടുണ്ട്.

(ഡി ആന്റ് ഇ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ നടത്തുന്ന സംസ്ഥാനത്തെ 9 റേഷൻ മൊത്ത വ്യാപാര ഡിപ്പോകളിൽ 11-6-2004-ൽ കോർപ്പറേഷന്റെ ഇന്റേണൽ ആഡിറ്റ് വിഭാഗം നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ 11 (പതിനൊന്ന്) ഉദ്യോഗസ്ഥൻമാരെ അന്വേഷണവിധേയമായി സർവീസിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്. കൂടാതെ പീരുമേട് ഡിപ്പോയിൽ നിന്നും 21-4-2004-ൽ റേഷൻ വിതരണത്തിന് വേണ്ടി നൽകിയ ഒരു ലോഡ് അരി കരിഞ്ചന്തയിൽ വിൽക്കാനുള്ള ശ്രമം പോലീസ് ഇടപെട്ട് തടയുകയും ടി.സ്റ്റോക്ക് പിടിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഡിപ്പോയുടെ ചാർജ് വഹിക്കുന്ന ഉദ്യോഗസ്ഥനെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്യുകയും, ഡിപ്പോയിലെ മറ്റ് ജീവനക്കാരെ സ്ഥലം മാറ്റുകയും ചെയ്തിട്ടുണ്ട്.

നിരോധിക്കപ്പെട്ട കീടനാശിനികൾ

*26 [230] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ കാർഷിക വിളകൾക്ക് ഉപയോഗിക്കുന്നതിനു സംസ്ഥാന സർക്കാർ അനുമതി നൽകിയിട്ടുള്ള കീടനാശിനികൾ ഏതൊക്കെയാണ്;

(ബി) സംസ്ഥാനത്ത് നിരോധിച്ചിട്ടുള്ള കീടനാശിനികൾ ഏതെല്ലാമാണ്; ഈ കീടനാശിനികൾ നിരോധിച്ചതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;

(സി) നിരോധിക്കപ്പെട്ട കീടനാശിനികൾ സംസ്ഥാനത്ത് ഉപയോഗിക്കുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു ഫലപ്രദമായി തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാന കൃഷിവകുപ്പും വിവിധ സർക്കാർ ബോർഡുകളും പ്ലാന്റേഷൻ കോർപ്പറേഷൻ, ഫാമിംഗ് കോർപ്പറേഷൻ തുടങ്ങിയവയും ഓരോ വർഷവും കീടനാശിനി ഉപയോഗിക്കുന്നതിനായി എത്ര സംഖ്യ ചെലവഴിക്കുന്നുണ്ട് എന്നു വ്യക്തമാക്കാമോ;

(ഇ) കാസർഗോഡ് മേഖലയിൽ നിരോധിക്കപ്പെട്ട കീടനാശിനികൾ ഇപ്പോഴും വ്യാപകമായി ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു തടയുന്നതിനു സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) കീടനാശിനികൾ ഉപയോഗിക്കുന്നതിനു സംസ്ഥാന കൃഷിവകുപ്പ് സബ്സിഡി നൽകുന്നുണ്ടോ; ഇതിനായി കഴിഞ്ഞ 3 വർഷം ചെലവഴിച്ച സംഖ്യ എത്രയെന്ന് വ്യക്തമാക്കാമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) കീടനാശിനികളുടെ ഉപയോഗം നിയന്ത്രിക്കുന്നത് 1968-ലെ ഇൻസെക്റ്റിസൈഡ് ആക്ട് പ്രകാരം കേന്ദ്ര സർക്കാർ രൂപീകരിച്ച 'സെൻട്രൽ ഇൻസെക്റ്റിസൈഡ് ബോർഡ്' ആണ്. പ്രസ്തുത ആക്ട് പ്രകാരം ഇൻഡ്യയിൽ ഉപയോഗിക്കുന്നതിന് അനുമതി നൽകിയിട്ടുള്ള കീടനാശിനികളുടെ ലിസ്റ്റ് അനുബന്ധം 1 ആയി കൊടുത്തിരിക്കുന്നു.†

(ബി) ഇൻസെക്റ്റിസൈഡ് ആക്ട് 1968 പ്രകാരം നിരോധിച്ചിട്ടുള്ള കീടനാശിനികളുടെ ലിസ്റ്റ് അനുബന്ധം 2 ആയി കൊടുത്തിരിക്കുന്നു.† ഇതിനും പുറമേ കേരളത്തിൽ എൻഡോസൾഫാൻ കീടനാശിനിയുടെ ഏരിയൽ സ്പ്രേ സംസ്ഥാന ഗവൺമെന്റ് നിരോധിച്ചിട്ടുണ്ട്. എൻഡോസൾഫാൻ കീടനാശിനി സ്പ്രേ ചെയ്യുമ്പോൾ അത് ജലാശയങ്ങളിൽ വീഴാതെയായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കേരളത്തിലെ ഭൂപ്രകൃതിയുടെ പ്രത്യേകതയിൽ ജലാശയങ്ങളും നിമ്നോന്നതപ്രദേശങ്ങളും ധാരാളമായിട്ടുള്ളതിനാൽ ജലാശയങ്ങളെ ഒഴിവാക്കിക്കൊണ്ട് തളിക്കാൻ സാദ്ധ്യമല്ലാത്തതിനാലാണ് എൻഡോസൾഫാന്റെ ഏരിയൽ സ്പ്രേ നിരോധിച്ചിരിക്കുന്നത്.

(സി) ഇല്ല. നിരോധിക്കപ്പെട്ടിട്ടുള്ള കീടനാശിനികൾ ഉപയോഗിക്കുന്നതിനെതിരെ ജാഗ്രത പുലർത്തുവാനും അങ്ങനെ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ഇൻസെക്ടിസൈഡ്സ് ആക്ട് 1968 പ്രകാരം നടപടി എടുക്കാൻ കേരളത്തിലെ എല്ലാ ഇൻസെക്റ്റിസൈഡ്സ് ഇൻസ്പെക്ടർമാർക്കും അധികാരമുണ്ട്.

(ഡി) കേരകൃഷിയെ ബാധിക്കുന്ന മണ്ഡരി കീടബാധക്കെതിരെ മരുന്നു തളിക്കുന്നതിന് 2002-2003-ൽ 155 ലക്ഷം രൂപയും 2003-2004-ൽ 104 ലക്ഷം രൂപയും ജൈവകീടനാശിനിക്കായി ചിലവായി. സംയോജിത കീടനിയന്ത്രണ പദ്ധതിപ്രകാരം വ്യാപകമായി പൊട്ടിപ്പുറപ്പെട്ട കീടങ്ങളെ ഉടനടി നിയന്ത്രിക്കുന്നതിന് 2001-2002-ൽ 10.04 ലക്ഷം രൂപയും 2003-2004-ൽ 17.63 ലക്ഷം രൂപയും കീടനാശിനിക്കായി ചിലവായി.

കേന്ദ്രാവിഷ്കൃത കശുമാവു വികസന പദ്ധതിപ്രകാരം 2002-2003-ൽ 38.6 ലക്ഷം രൂപയും, 2003-2004-ൽ 4.02 ലക്ഷം രൂപയും കശുമാവിന്റെ തണ്ടുതുരപ്പൻ, തേയില കൊതുക് എന്നിവയെ നിയന്ത്രിക്കാനുള്ള കീടനാശിനിക്കായി ചിലവഴിച്ചു. പ്ലാന്റേഷൻ കോർപ്പറേഷൻ ഇപ്പോൾ കീടനാശിനി ഉപയോഗിക്കുന്നില്ല.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) ഉണ്ട്. 2001-2002 വർഷത്തിൽ 24.14 ലക്ഷം രൂപയും, 2002-2003 വർഷത്തിൽ 193.64 ലക്ഷം രൂപയും, 2003-2004 വർഷത്തിൽ 125.65 ലക്ഷം രൂപയും, കീടനാശിനി പ്രയോഗത്തിന് സംസ്ഥാന കൃഷിവകുപ്പ് സബ്സിഡിയായി നൽകിയിട്ടുണ്ട്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly